Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2022/1515-6 (3) തീയതി : 19.02.2022

**സർക്കുലർ**

വിഷയം:- **കൈറ്റ് – ഫസ്റ്റ്ബെൽ 2.0 ഡിജിറ്റൽ ക്ലാസുകൾ – സ്കൂളുകളിൽ നേരിട്ടുള്ള പഠനം ആരംഭിക്കുമ്പോൾ കൈറ്റ് വിക്ടേഴ്സ് വഴിയുള്ള ക്ലാസുകളും ഫസ്റ്റ്ബെൽ പോർട്ടലിലെ സൗകര്യങ്ങളും ആവശ്യമുള്ള കുട്ടികൾക്ക് ലഭ്യമാക്കാൻ സ്കൂളിലെ ഐ.സി.ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച്**

സൂചന :-
1. സ.ഉ.(സാധാ) നം. 165/2018/പൊ.വി.വ. തീയതി 10.01.2018
2. സ.ഉ.(സാധാ) നം. 2177/2019/പൊ.വി.വ. തീയതി 06.06.2019
3. ഈ ഓഫീസിലെ 02.06.2020 ലെ KITE/2020/1515-6(2), 21.06.2021 ലെ KITE/2021/1515-6 (5) നമ്പർ സർക്കുലറുകൾ.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.02.2022 ലെ ക്യു.ഐ.പി.(1)/247365/2021/ ഡി.ജി.ഇ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി ഐ.സി.ടി ഉപകരണങ്ങൾ ലഭ്യമാക്കിയപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൈറ്റും സ്കൂളുകളും തമ്മിൽ സൂചന 1, 2 പ്രകാരം ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സ്കൂളിൽ ലഭ്യമാക്കിയിട്ടുള്ള ഐ.സി.ടി ഉപകരണങ്ങളും സൗകര്യങ്ങളും ഓൺലൈൻ, ഡിജിറ്റൽ ക്ലാസുകൾക്ക് പ്രയോജനപ്പെടുത്തുന്നതിന് സൂചന 3 പ്രകാരം നിർദേശിച്ചിരുന്നു. എല്ലാ സ്കൂൾ ക്ലാസുകളും 2022 ഫെബ്രുവരി 21 മുതൽ മുഴുവൻ സമയവും പ്രവത്തിക്കുന്നതിന് തീരുമാനിക്കുകയും ആയതിനുള്ള മാർഗനിർദ്ദേശങ്ങൾ സൂചന 4 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിൽ നേരിട്ടുള്ള ക്ലാസുകൾ ആരംഭിക്കുമ്പോൾ കൈറ്റ് വിക്ടേഴ്സ് വഴിയുള്ള ക്ലാസുകളും ഫസ്റ്റ്ബെൽ പോർട്ടലിലെ സൗകര്യങ്ങളും ആവശ്യമുള്ള കുട്ടികൾക്ക് കാണുന്നതിനായി അവസരമൊരുക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കൈറ്റ് വിക്ടേഴ്സിലൂടെ ഓരോ ക്ലാസിലേയും സംപ്രേഷണം ചെയ്ത ക്ലാസുകൾ ഫസ്റ്റ്ബെൽ പോർട്ടലിൽ (firstbell.kite.kerala.gov.in) ലഭ്യമാണ്. പ്രസ്തുത ക്ലാസുകൾ ആവശ്യമെങ്കിൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

2. കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്ന ക്ലാസുകളുടെ തുടർച്ചയായി 10, 12 ക്ലാസുകളിലെ റിവിഷൻ ഭാഗങ്ങൾ പ്രത്യേക ഓഡിയോ ബുക്കുകളായും firstbell.kite.kerala.gov.in-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്താം ക്ലാസിലെ മുഴുവൻ വിഷയങ്ങളുടെയും റിവിഷൻ ക്ലാസുകൾ ആകെ പത്ത് മണിക്കൂറിനുള്ളിൽ കുട്ടികൾക്ക് കേൾക്കാൻ കഴിയുന്ന രൂപത്തിലുള്ള ഓഡിയോ ബുക്കുകളാണ് സജ്ജമാക്കിയിട്ടുള്ളത്. ഓരോ വിഷയത്തിനും ശരാശരി ഒന്നര മണിക്കൂർ ദൈർഘ്യമുള്ള പ്ലസ് ടു ക്ലാസുകളുടെ ഓഡിയോ ബുക്കുകളും പോർട്ടലിൽ ലഭ്യമാണ്. എംപി3 ഫോർമാറ്റിലുള്ള ഓഡിയോ ബുക്കുകൾ ഒരു റേഡിയോ പ്രോഗ്രാം കേൾക്കുന്ന പ്രതീതിയിൽ എല്ലാവർക്കും

കേൾക്കാനും വളരെയെളുപ്പം ഡൗൺലോഡ് ചെയ്യാനും സോഷ്യൽ മീഡിയ വഴിയും മറ്റും മുഴുവൻ കുട്ടികൾക്കും പങ്കുവെക്കാനും കഴിയുന്ന തരത്തിലുള്ള സൗകര്യമാണ് ഫസ്റ്റ്ബെൽ പോർട്ടലിലുള്ളത്. ക്യൂ.ആർ കോഡ് വഴിയും ഓഡിയോ ബുക്കുകൾ ഡൗൺലോഡ് ചെയ്യാം.

3. കാഴ്ചപരിമിതർക്ക് ഉപയോഗിക്കാനായി സ്വതന്ത്രസോഫ്റ്റ്‌വെയറിലുള്ള 'ഓർക്ക' സ്ക്രീൻ റീഡിംഗ് സോഫ്റ്റ്‌വെയർ കൈറ്റ് സ്കൂളുകളിലേയ്ക്കുള്ള ലാപ്ടോപ്പുകളിൽ ലഭ്യമാക്കുകയും മുഴുവൻ കാഴ്ചപരിമിതരായ അധ്യാപകർക്കും പ്രത്യേക ഐ.സി.ടി പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഫസ്റ്റ്ബെൽ ക്ലാസുകളും ഈ വിദ്യാർത്ഥികൾ ഒരു പരിധിവരെ കേൾക്കുന്നുണ്ട്. എന്നാൽ പൂർണമായും ശബ്ദരൂപത്തിലുള്ള ഓഡിയോ ബുക്കുകൾ കാഴ്ചപരിമിതരായ കുട്ടികൾക്ക് വളരെയേറെ പ്രയോജനപ്രദമാകും. അതിനാൽ ഓഡിയോ ബുക്ക് ലഭ്യമാക്കുന്നതിൽ കാഴ്ചപരിമിതിയുള്ള കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

4. റിവിഷൻ ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നതുൾപ്പെടെ 2022 ഫെബ്രുവരി 21 മുതലുള്ള ഡിജിറ്റൽ ക്ലാസുകളുടെ സമയക്രമം അനുബന്ധമായി ചേർക്കുന്നു. സ്കൂൾ നോട്ടീസ് ബോർഡിൽ അത് പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമുള്ള കുട്ടികൾക്ക് ക്ലാസ് ലഭ്യമാക്കുന്നതിനുമുള്ള പ്രത്യേക ക്രമീകരണം സ്കൂൾ തലത്തിൽ സ്വീകരിക്കാവുന്നതാണ്. സമയക്രമം തുടർച്ചയായി firstbell.kite.kerala.gov.in പോർട്ടലിൽ പുതുക്കുന്നതാണ്.

കൈറ്റ് വിക്ടേഴ്സ് വഴിയുള്ള ക്ലാസുകളും ഓഡിയോ ബുക്കും ആവശ്യമുള്ളവർക്ക് ഡൗൺലോഡ് ചെയ്യുന്നതിന് ഹൈടെക് പദ്ധതികളുടെ ഭാഗമായി സ്കൂളുകളിൽ ഒരുക്കിയിട്ടുള്ള ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ഐ.സി.ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ് അംഗങ്ങൾ, കൈറ്റ് മിസ്ട്രസ്, കൈറ്റ് മാസ്റ്റേഴ്സ് തുടങ്ങിയവരുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്.

**കെ.അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
ഡയറക്ടർ, എസ്.എസ്.കെ.
ഡയറക്ടർ, എസ്.ഐ.ഇ.ടി.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ആർ.ഡി.ഡി./എ.ഡി./
ജില്ലാ വിദ്യാഭ്യാസഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ

ഫസ്റ്റ് ബെൽ 2.0
DIGITAL CLASSES

ക്ലാസുകളും സമയക്രമവും
www.firstbell.kite.kerala.gov.in

KITEVICTERS App download from App Store Google Play

## 2022 ഫെബ്രുവരി 21 മുതൽ

## time table

സമയക്രമം

| ക്ലാസ് | സമയം | കൈറ്റ് വിക്ടേഴ്സ് | വിക്ടേഴ്സ് |
|---|---|---|---|

| കൈറ്റ് വിക്ടേഴ്സ് | | | | കൈറ്റ് വിക്ടേഴ്സ് പ്ലസ് (അടുത്ത ദിവസം) |
|---|---|---|---|---|
| ക്ലാസ് | സമയം | ക്ലാസുകളുടെ എണ്ണം | പുനഃസംപ്രേഷണം | |
| +2 (റിവിഷൻ) | 07.30 am-09.00 am & 04.00 pm-05.30 pm | 6 | 07.00 pm - 10.00 pm | 09.30 am – 12.30 pm |
| +1 | 09.00 am-10.30 am | 3 | 10.00 pm to 11.30 pm | 08.00 am – 09.30 am |
| പ്രീപ്രൈമറി | 10.30 am | 1 | | 03.30 pm |
| 9 | 11.00 am -12.00 pm | 2 | | 07.00 am – 08.00 am |
| 8 | 12.00 pm | 1 | | 04.00 pm |
| 1 | 12.30 pm | 1 | | 04.30 pm |
| 2 | 01.00 pm | 1 | | 05.00 pm |
| 3 | 01.30 pm | 1 | | 05.30 pm |
| 4 | 02.00 pm | 1 | | 06.00 pm |
| 5 | 02.30 pm | 1 | | 06.30 pm |
| 6 | 03.00 pm | 1 | | 07.00 pm |
| 7 | 03.30 pm | 1 | | 07.30 pm |
| 10 (റിവിഷൻ) | 05.30 pm - 07.00 pm | 3 | 6.00 am-07.30 am (അടുത്ത ദിവസം) | 02.30 pm – 04.00 pm |

### കേബിൾ നെറ്റ്‌വർക്ക്

എഷ്യാനെറ്റ് (411) പ്ലസ് (410)
ഡെൻ നെറ്റ്‌വർക്ക് (597) പ്ലസ് (592)
കേരളവിഷൻ (33) പ്ലസ് (34)
ഡിജിമീഡിയ (149) പ്ലസ് (148)
സിറ്റി ചാനൽ (116) പ്ലസ് (195)

### ഡിഷ് നെറ്റ്‌വർക്ക്

ഡിഷ് ടിവി (3207)
വീഡിയോകോൺ d2h(3207)
സൺ ഡയറക്ട് (245)
ടാറ്റാ പ്ലേ (1873)
എയർടെൽ (867)

YouTube/itsvicters
/victerseduchannel

LIVE
www.victers.kite.kerala.gov.in



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
www.kite.kerala.gov.in

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ